## (50.) മെഴുവേലി ഈസ്റ്റ് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മെഴുവേലി പഞ്ചായത്തിലെ തുണ്ടുകാട് പ്രദേശത്ത് ഒരു പ്രാർത്ഥനാലയം എന്നത് പ്രദേശവാസികളായ ഓർത്തഡോക്സ് സമൂഹത്തിന്റെ ആഗ്രഹമായിരുന്നു. ഈ ആഗ്രഹത്തെ മുൻനിർത്തി പ്രദേശത്തെ ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് വലിയ പള്ളിയിലെ അംഗങ്ങളായ ചില കുടുംബങ്ങൾ ഒരു നിവേദനം ഓർത്തഡോക്സ് ദേവാലയ കമ്മറ്റിക്ക് നൽകി. എന്നാൽ ഈ ആവശ്യം നിരാകരിച്ച ഇടവക കമ്മറ്റി ഒരു കൂട്ടം വിശ്വാസികളുടെ മാനസിക വേദനയ്ക്കും ഇടർച്ചയ്ക്കുമാണ് വഴിയൊരുക്കിയത്. തുടർന്ന്, കത്തോലിക്കാ വിശ്വാസത്തെയും അതിന്റെ അർത്ഥതലങ്ങളെയും ആഴമായി മനസിലാക്കിയ ഗ്രേസ് കോട്ടജിൽ ശ്രീ. പി റ്റി ജോൺ തന്റെ ബന്ധുവായ തട്ടയിൽ സെന്റ് ആന്റണിസ് മലങ്കര കത്തോലിക്ക ദേവാലയംഗം ഇടക്കുന്നിൽ പടിഞ്ഞാറ്റേതിൽ ശ്രീ ജോർജിനൊപ്പം 1980 ഒക്ടോബറിൽ ആർച്ച് ബിഷപ്പ് ബെനഡിക് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയെ തിരുവനന്തപുരം അരമനയിലെത്തി കണ്ടു സംസാരിച്ചു. അരമനയിൽ പോകുന്നതിനു മുൻപ് ശ്രീ. പി.റ്റി ജോൺ കുറച്ചുവ്യക്തികളെയും കൂട്ടി പ്രദേശ വാസികളായ കുറച്ചു കുടുംബങ്ങളോട് സംസാരിച്ചു കത്തോലിക്കാ വിശ്വാസത്തെ പുൽകുവാൻ താൽപര്യമുള്ള 21 കുടുംബാംഗങ്ങളെ കണ്ടെത്തിയിരുന്നു. അതോടൊപ്പം പുല്ലേലിൽ പാറായിരിക്കുന്നതിൽ ശ്രീ. മത്തായി തന്റെ ബന്ധുക്കളായ 13 പേരുടെ ഉടമസ്ഥതയിലായിരുന്ന 2 ഏക്കർ 26 സെന്റ് സ്ഥലം (റോഡിനു കിഴക്കും പടിഞ്ഞാറുമായി) ദേവാലയത്തിനായി പറഞ്ഞു വെച്ചിരുന്നു.

അരമനയിലെത്തിയ നിവേദക സംഘത്തെ അഭിവന്ദ്യ പിതാവ് സ്നേഹപൂർവ്വം സ്വീകരിച്ചു. അന്നത്തെ കൂടിക്കാഴ്ചയിൽ പിതാവ് രണ്ട് ചോദ്യങ്ങൾ മാത്രം അവരോട് ചോദിച്ചു. ഒന്ന്, ദേവാലയം പണിയാൻ സ്ഥലം കിട്ടുമോ? രണ്ട്, അഞ്ചിൽ കുറയാത്ത കുടുംബങ്ങൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കാൻ തയ്യാറാണോ? ഈ രണ്ട് സമസ്യയ്ക്കുമുള്ള ഉത്തരം മുൻകൂട്ടി കരുതിയിരുന്ന നിവേദകസംഘത്തിന്റെ മറുപടിയിൽ പിതാവ് തൃപ്തനായി. തുടർന്നുള്ള നാളുകളിൽ അഭിവന്ദ്യ പിതാവ് അരമനയുമായി ബന്ധപ്പെട്ട് അക്കാലത്ത് പ്രവർത്തിച്ചിരുന്ന കീക്കൊഴൂർ സ്വദേശി തോമസ് സാറിനെ വസ്തു വാങ്ങാനും വസ്തുവിന്റെ വില നൽകാനും പിതാവ് ചുമതലപ്പെടുത്തി. 1980 നവംബർ 28 വെള്ളിയാഴ്ച്ച വസ്തു വാങ്ങി. (ദേവാലയ നിർമ്മിതിക്കായി വാങ്ങിയ സ്ഥലം ചരിവു പ്രദേശമായിരുന്നു. അന്നത്തെ വിശ്വാസമനുസരിച്ചു ഭൂതപ്രേതങ്ങളുടെ ആവാസ കേന്ദ്രമായിരുന്നു. പകൽ സമയങ്ങളിൽ പോലും ആളുകൾ വഴിനടക്കാൻ ഭയപ്പെടുന്ന പ്രദേശം.) 1980 ഡിസംബർ 2 വ്യാഴാഴ്ച്ച അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരത്തു നിന്നും ചാപ്പൽ നിർമ്മാണത്തിനാവശ്യമായ ഓല, മുള, പരമ്പ് തുടങ്ങിയ സാധനങ്ങളും അതോടൊപ്പം പണിയാനാവശ്യമായ പണിക്കാരും പുല്ലേലിൽ പാറയിരിക്കുന്നതിൽ ഭാഗത്ത് എത്തി. വാങ്ങിയ സ്ഥലത്തിൽ നിരപ്പായ കുറച്ചു സ്ഥലം തിരഞ്ഞെടുത്ത് ചാപ്പൽ നിർമ്മാണം ആരംഭിക്കുകയും ഏകദേശം 10 പണിക്കാരുടെയും ഇടവകാംഗങ്ങളുടെയും പരിശ്രമത്തിലൂടെ രണ്ട് ദിവസത്തിനുള്ളിൽ (1980 ഡിസംബർ 6 ന്) ചാപ്പൽ നിർമ്മാണം പൂർത്തിയാവുകയും ചെയ്തു. സമീപ ദേവാലയത്തിലെ വികാരിയായിരുന്ന (സെന്റ് തെരേസാസ് മലങ്കര കത്തോലിക്ക ദേവാലയം, മെഴുവേലി വെസ്റ്റ്) വന്ദ്യ മാത്യു പൊന്മേലിൽ കോർ എപ്പോസ്കോപ്പയുടെ കാർമികത്വത്തിൽ പരിശുദ്ധ അമ്മയുടെ നാമധേയത്തിൽ ചാപ്പൽ കൂദാശ നടക്കുകയും ചെയ്തു.

ചാപ്പൽ കൂദാശയ്ക്കു ശേഷം തുടർച്ചയായി മുന്ന് മാസം തിരുവനന്തപുരം മേജർ അതിരൂപതയിൽപ്പെട്ട വന്ദ്യ വൈദികർ എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയർപ്പിച്ചു പോന്നിരുന്നു. രണ്ട് മാസങ്ങൾക്ക് ശേഷം 1981 ഫെബ്രുവരി 6 – ന് വിശുദ്ധ കുർബാനയിലും പ്രാർത്ഥനയിലും താൽപര്യപൂർവ്വം പങ്കെടുത്ത 9 കുടുംബങ്ങൾ ഇടവകാംഗങ്ങളായി ചേർക്കപ്പെട്ടു. പലവിധ കാരണങ്ങളാൽ തുടക്കത്തിൽ താൽപര്യം പ്രകടിപ്പിച്ച 11 കുടുംബങ്ങൾ ഇടവകയുമായുള്ള ബന്ധത്തിൽ നിന്നും പിന്മാറി.

1. ഗ്രേസ് കോട്ടജിൽ ശ്രീ. പി. റ്റി. ജോൺ

2. പുല്ലേലിൽ പാറയിരിക്കുന്നതിൽ ശ്രീ.മത്തായി

3. മുക്കുങ്കൽ ശ്രീ. ഗീവർഗീസ് ഗീവർഗീസ്

4. റ്റി റ്റി കോട്ടജിൽ ശ്രീ. പി.റ്റി.സക്കറിയ

5. താഴെപ്പറമ്പിൽ ശ്രീ. എം. സി തോമസ്

6. താഴെപ്പറമ്പിൽ ശ്രീ. റ്റി.സി മാത്യു എന്നീ കുടുംബങ്ങളുടെ പ്രാർത്ഥനയും നേതൃത്വവുമാണ് ആദ്യനാളുകളിൽ ഇടവക കൂട്ടായ്മയെ ശാക്തീകരിച്ചത്.

1981-ൽ ഫാ. ജേക്കബ് കളിയന്താനം ഇടവകയുടെ പ്രഥമ വികാരിയായി സ്ഥാനമേറ്റു. കുറച്ചു നാളുകൾക്കുള്ളിൽ തന്നെ ചാപ്പൽ മാറ്റി ഒരു ദേവാലയംനിർമിക്കണം എന്ന ആഗ്രഹം ഇടവകാംഗങ്ങളിൽ പ്രകടമായിരുന്നു. ഈ ആഗ്രഹം മനസിലാക്കിയിരുന്ന വികാരി ഫാ.ജേക്കബ് കളിയന്താനം തനിക്ക് ഒരു വിദേശ യാത്രയ്ക്ക് അവസരം ലഭിച്ചപ്പോൾ ഇപ്രകാരം ഇടവകാംഗങ്ങളെ അറിയിച്ചു. ഞാൻ പോയി വരുമ്പോൾ നിങ്ങൾക്ക് ഒരു ദേവാലയം പണിയുവാനുള്ള പണം ദൈവം നൽകിയിരിക്കും. വന്ദ്യ വൈദികൻ തന്റെ സുഹൃത്തിന്റെ ക്ഷണം സ്വീകരിച്ച് 6 മാസക്കാലത്തേക്ക് ജർമ്മനിയിലേക്ക് പോയി. ഇക്കാലയളവിൽ വീണ്ടും തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട വന്ദ്യ വൈദികർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു പോന്നിരുന്നു. വന്ദ്യ ജേക്കബ് കളിയന്താനമച്ചൻ മടങ്ങി വന്ന് തിരുവനന്തപുരം അരമനയിൽ ദേവാലയനിർമ്മാണത്തിനാവശ്യമായ പണം ഏൽപ്പിച്ചു. ജർമ്മനിയിലെ ഒരു വിശ്വാസി ദേവാലയ നിർമ്മാണത്തിനായി അച്ചന് നൽകിയതായിരുന്നു ആ പണം. ആ വിശ്വാസിയുടെ ആഗ്രഹപ്രകാരം ഭാരതത്തിന്റെ അപ്പോസ്തോലൻ വിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിലുള്ള ദേവാലയ നിർമ്മാണം പൂർത്തിയായി. ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയത് ഫാ.ജേക്കബ് കാളിയന്താനം ആയിരുന്നു. മെഴുവേലി പ്രദേശത്തെ ഒരു കൂട്ടം വിശ്വാസിസമൂഹത്തിന്റെയും ഒരു പറ്റം തൊഴിലാളികളുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങളുടെ ആകെത്തുകയായിരുന്നു ദേവാലയ നിർമ്മാണം. 1984 ഓഗസ്റ്റ് 4-ാം തീയതി അഭിവന്ദ്യ ബനഡിക് മാർ ഗ്രിഗോറിയോസ് പിതാവ് ദേവാലയകൂദാശ നിർവ്വഹിച്ചു. കൂദാശാനന്തരം പ്രദേശത്തെ ഹൈന്ദവ സഹോദരങ്ങൾ അഭിവന്ദ്യ പിതാവിന് സമുചിതമായ സ്വീകരണം നൽകി എന്നതും ശ്രദ്ധേയമാണ്.

1985 ജൂൺ 20-ാം തീയതി ഇടവകാംഗം ആയിരുന്ന വലിയപറമ്പിൽ തമ്പിയുടെ മകൻ മരിച്ച അവസരത്തിൽ അടക്കുവാൻ സ്ഥലമില്ലാതെ പ്രതിസന്ധിയിലൂടെ കടന്നു പോയി. അന്നത്തെ വികാരിയച്ചൻ ഫാ. ഗീവർഗീസ് ചരുവിളയുടെ നിർദ്ദേശപ്രകാരം പള്ളിയുടെ സ്ഥലത്തുതന്നെ ശവസംസ്കാരം നടത്തി. എന്നാൽ, തുടർദിവസങ്ങളിൽ ഇതു വലിയ പ്രക്ഷോഭത്തിലേക്കും കേസിലേക്കും വഴിമാറി. തുടർന്ന് ഫാ. ഗീവർഗീസ് ചരുവിള തിരുവനന്തപുരം അരമനയിൽ എത്തി, കാര്യങ്ങൾ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനെ അറിയിച്ചു. പിതാവ് തന്റെ അഭ്യുദയകാംക്ഷി മുഖേന ആലപ്പുഴ കളക്ടറോട് (അന്ന് മെഴുവേലി പഞ്ചായത്ത് ആലപ്പുഴ ജില്ലയിലായിരുന്നു) സെമിത്തേരിയുടെ നിജസ്ഥിതി വെളിപ്പെടുത്തി. തുടർന്ന് സെമിത്തേരിക്കായി ഏകദേശം ആറ് സെന്റ് സ്ഥലം നീക്കിവെച്ചു. ഇടവകയുടെ അപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിയ അഭിവന്ദ്യ പിതാവ് അരമനയിൽ നിന്നുതന്നെ സെമിത്തേരിയുടെ സ്ഥലം ചുറ്റുമതിൽ കെട്ടി ഗേറ്റ് ഇടാനുള്ള സൗകര്യം ഒരുക്കി തന്നു. ദേവാലയത്തിനോടു ചേർന്ന് 1987-ൽ പരിശുദ്ധ അമ്മയുടെ നാമധേയത്തിൽ ഒരു കുരിശടി നിർമ്മിക്കുകയും അന്നത്തെ വികാരി ഫാ. ഗീവർഗീസ് ചരുവിള കുരിശടി കൂദാശ ചെയ്യുകയും ചെയ്തു. കുരിശടി നിർമ്മിക്കാനുള്ള പണം സംഭാവനയായി നൽകിയത് പേർ വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു വിശ്വാസിയായിരുന്നു.

**ഇടവകയിൽ നിലനിന്നിരുന്ന സംഘടനകൾ**

1. 1986 ഒക്ടോബർ 26-ന് ഫാ.ഗീവർഗീസ് ചരുവിളയുടെ നേതൃത്വത്തിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തനമാരംഭിച്ചു. കേരളത്തിൽ ആദ്യമായി വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആട് വിതരണം നടത്തപ്പെട്ടത് ഈ ഇടവകയിൽ ആണ്.

2. 1987 ജൂലൈ 3-ന് ഫാദർ ഗീവർഗീസ് ചരുവിളയുടെ നേതൃത്വത്തിൽ 'കോൾപിൻ' സംഘടന ഇടവകയിൽ പ്രവർത്തനമാരംഭിച്ചു.

3. ജേക്കബ് കളിയന്താനമച്ചന്റെയും ഉള്ളന്നൂർ മഠത്തിലെ സിസ്റ്റേഴ്സിന്റെയും കൂട്ടായ പരിശ്രമത്തിലൂടെ ആദ്യകാലം മുതൽ ഇടവകയിൽ വിശ്വാസപരിശീലനം നടത്തി വരുന്നു.

4. വന്ദ്യ വൈദികൻ ഗീവർഗീസ് ചരുവിള അച്ചന്റെ നേതൃത്വത്തിൽ മാതൃസമാജത്തിനും പ്രാർത്ഥനാ കൂട്ടായ്മയ്ക്കും യുവജന സംഘടനക്കും തുടക്കം കുറിച്ചിരുന്നു.

ദേവാലയത്തിന്റെ ആരംഭകാലം മുതൽ ഇന്നുവരെയും ഇടവകാംഗങ്ങളോടൊപ്പം ഇടവകയ്ക്ക് പുറത്തുനിന്നുള്ള അനേകം വിശ്വാസികളുടെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും പ്രതിഫലനമായി പുല്ലേലിൽ പാറയിരിക്കുന്നതിൽ ഭാഗത്ത് മെഴുവേലി ഈസ്റ്റ് ദേവാലയം നിലകൊള്ളുന്നു. 27 കുടുംബങ്ങളാണ് ദേവാലയത്തിൽ ഇന്ന് ഉള്ളത്. ഇടവകയുടെ കുറവുകളെ നിറവുകളാക്കി തീർക്കുവാൻ ഇടവകാംഗങ്ങളെപോലെ തന്നെ പ്രദേശവാസികളും വിശ്വാസി സമൂഹവും പ്രയത്നിക്കുന്നുണ്ട്.

**സ്മരണീയ ദിനങ്ങൾ**

* ഇടവക ദിനം - ജൂലൈ 3

* ഇടവക തിരുന്നാൾ - ജൂലൈ 1, 2, 3

**ഇടവകയിലെ ദൈവവിളി**

പുല്ലേലിൽ പാറയിരിക്കുന്നതിൽ മത്തായിയുടെ കൊച്ചുമകളും സാമുവേൽ - കുഞ്ഞമ്മ ദമ്പതികളുടെ മകൾ സിസ്റ്റർ ജോസ്മി എസ് ഐ സി ബഥനി സന്യാസിനി സമൂഹം അംഗമായി 2004 മെയ് 1 ന് നിത്യവ്രതവാഗ്ദാനം ചെയ്തു. ഇപ്പോൾ റോമിൽ വിദ്യാഭ്യാസത്തോടൊപ്പം ഇടവക ശുശ്രൂഷകളും ചെയ്തുവരുന്നു.

**ഇടവകയിലെ സ്ഥാപര ജംഗമ വസ്തുക്കൾ**

1. ദേവാലയവും സെമിത്തേരിയും സ്ഥിതി ചെയ്യുന്ന റോഡിനെ കിഴക്കും പടിഞ്ഞാറുമായി 1 ഏക്കർ 25 സെന്റ് സർവ്വേ നമ്പർ - 33/13, 33/12, 33/22

2. ഈ സ്ഥലത്തിനോടു ചേർന്ന് 2013 സെപ്റ്റംബറിൽ അഞ്ചര സെന്റ് സ്ഥലം കൂടി വാങ്ങി. സർവ്വേ നമ്പർ - 33/23

3. ശുഭാനന്ദാശ്രമ പ്രതിനിധികൾ പത്തനംതിട്ട അരമനയിലെത്തി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെ കണ്ട് ആവശ്യപ്പെട്ടതനുസരിച്ച് ഇടവകയുടെ നാലു സെന്റ് സ്ഥലം വില വാങ്ങി പിതാവ് അവർക്ക് നൽകി.

4. ദേവാലയകുരിശടി

**ഇടവകയെ ഇക്കാലമത്രയും നയിച്ച വികാരിമാർ**

| | |
|---|---|
| 1. ഫാ. ജേക്കബ് കളിയന്താനം | (1981-1985) |
| 2. ഫാ. ഗീവർഗീസ് ചരുവിള | (1985-1991) |
| 3. ഫാ. ജോഷ്വാ താഴത്തേതിൽ | (1991-1996) |
| 4. ജെയിംസ് പാറവിളയിൽ കോറെപ്പിസ്കോപ്പ | (1996-2001) |
| 5. ഫാ. ശാമുവേൽ പുത്തൻപുരയിൽ | (2001-2006) |

6. ഫാ. വർഗീസ് ശാമുവൽ കിഴക്കേവിളയിൽ (2006 - 2010)

7. ഫാ. സക്കറിയാസ് നെടിയകാലായിൽ (2010 - 2012)

8. ഫാ. ജോസഫ് തുണ്ടിയൂഴത്തിൽ (2013 - 2014)

9. ഫാ. ദാനിയേൽ ബഥേൽ (2014 - 2015)

10. ഫാ. റോബിൻ തൈക്കൂട്ടത്തിൽ (2015 - 2019)

11. ഫാ. സെബാസ്ത്യൻ ആമ്പശ്ശേരിൽ (2019 ജൂലൈ - നവംബർ)

12.ഫാ. റോബിൻ മനയ്ക്കലെത്ത് (2020 - )

**സഹ വികാരിമാർ**

1. ഫാ. അജി താന്നിമൂട്ടിൽ (2010)

2. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ (2011)

3. ഫാ. ദാനിയേൽ കൊഴുവക്കാട് (2014 - 2015)

4. ഫാ. തോമസ് ചെറുതോട് (2020)

**സുവിശേഷ സംഘാഗങ്ങൾ**

* രാജു മത്തായി, മലഞ്ചരുവിൽ

* പൊന്നമ്മ ചാക്കോ, ചരിവുപറമ്പിൽ

**ഇടവകയുടെ നവീകരണ പ്രവർത്തനങ്ങൾ**

* 2005 - ൽ വന്ദ്യ വൈദികൻ ശാമുവൽ പുത്തൻപുരയുടെ നേതൃത്വത്തിൽ ദേവാലയത്തിന്റെ ഓട് മാറ്റി ഷീട്ടിട്ടു.

* 2012 - ൽ ഫാ. സഖറിയാസ് നെടിയകാലായുടെ സമയത്ത് അടിസ്ഥാനമിട്ട മണിമന്ദിരത്തിന്റെ പണി പൂർത്തിയാക്കിയത് ഫാ. ജോസഫ് തുണ്ടിയുഴത്തിലാണ്. മണിമന്ദിരത്തിന്റെ കൂദാശ നിർവഹിച്ചത് ഫാ.സഖറിയാസ് നെടിയകാലായിലാണ്.

* ഫാ. ജോസഫ് തുണ്ടിയുഴത്തിൽ വികാരിയായിരുന്ന 2013 - ൽ ദേവാലയമുറ്റത്ത് ഇന്റർലോക്ക് ചെയ്യുകയും ദേവാലയത്തിന്റെ മേൽക്കൂര സീലിംഗ് നടത്തുകയും ചെയ്തു.

* 2018 - ൽ ഫാ. റോബിൻ തൈക്കൂട്ടത്തിൽ ഇടവക വികാരി ആയിരുന്ന സമയത്ത് ദേവാലയത്തിലെ മദ്ബഹ ടൈൽ ഇടുകയും മദ്ബഹ നവീകരിക്കുകയും ചെയ്തു.

* 2019 സെപ്റ്റംബറിൽ ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ വികാരിയായിരുന്ന സമയത്ത് ദേവാലയ അതിർത്തിയിലെ മതിൽ നിർമിക്കുകയും സാക്രിസ്റ്റിയിൽ ടൈൽ ഇടുകയും ചെയ്തു.

ഈ പ്രവർത്തനങ്ങളിൽ സഹായിച്ച ഇടവക അംഗങ്ങളെയും വിവാഹമൂലം ഇടവകയിൽ നിന്നു പോയ വ്യക്തികളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കുമ്പഴ ക്ലർജി ഹോമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ദേവാലയത്തിന്റെ പുരയിടത്തിൽ ഉണ്ടായിരുന്ന ഒൻപത് തേക്കുമരങ്ങൾ സൗജന്യമായി കൊണ്ടുപോയിരുന്നു.

ഭാഗ്യസരണാർഹനായ അഭിവന്ദ്യ ബനഡിക് മാർ ഗ്രിഗോറിയോസ് പിതാവിന്റെയും തുടർന്നുവന്ന അഭിവന്ദ്യ പിതാക്കന്മാരുടെയും ദീർഘവീക്ഷണത്തിന്റെയും നേതൃത്വ പാടവത്തിന്റെയും ആകെത്തുകയാണ് സെന്റ് തോമസ് മലങ്കര കത്തോലിക്ക ദേവാലയം. ഇടവകാംഗങ്ങൾക്കും നാടിനും കാവൽ പിതാവായി ഭാരതത്തിന്റെ അപ്പോസ്തോലനായ തോമാശ്ലീഹായുടെ നാമധേയത്തിൽ ദേവാലയം സ്ഥിതി ചെയുന്നു. 4 വർഷത്തെ ചരിത്രരേഖയിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ അനേകം പേരുടെ പരിശ്രമങ്ങൾ വാക്കുകൾക്കധീതമാണ്. ഇടവകയുടെ നാൾവഴികളിൽ അശ്രാന്ത പരിശ്രമത്തിലൂടെ മുന്നേറിയ വന്ദ്യ വൈദികർ, ഉള്ളന്നൂർ മഠത്തിലെ ബഥനി സന്യാസിനി സമൂഹഗങ്ങളായ സിസ്റ്റേഴ്സ് ഇക്കാലയളവിൽ ഇടവകയുടെ പുരോഗതിക്കായി പരിശ്രമിച്ച ട്രസ്റ്റി, സെക്രട്ടറി കമ്മറ്റിയഗങ്ങൾ, അൾത്താര ബാലന്മാർ, യുവജങ്ങൾ, വിശ്വാസ പരിശീലന അധ്യാപകർ, പ്രഥമാധ്യാപകർ, വിൻസെൻഷ്യൻ അംഗങ്ങൾ, പ്രാർത്ഥന കൂട്ടായ തുടങ്ങി ഏവരുടെയും കൂട്ടായ പ്രവർത്തനം വിസുരിക്കാവുന്നതല്ല. പ്രാർത്ഥനയോടെ ഇടവകയെ സമീപിച്ചിരുന്ന അനേകം വിശ്വാസികളുടെയും, മൺ മറഞ്ഞുപോയവരുടെയും സ്വപ്നസാക്ഷാത്ക്കാരമായി ദേവാലയം നിലകൊള്ളുന്നു.